**George Cardinal Alencherry**
**Major Archbishop**
**Syro -Malabar Church**

# സീറോ മലബാർ പ്രവാസികൾക്കായുള്ള ഗ്രേറ്റ് ബ്രിട്ടൺ രൂപതാപ്രഖ്യാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവും

## സർക്കുലർ

Prot. No. 1298/2016

സീറോ മലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ്
ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

സീറോമലബാർ സഭയിൽ 50 ലക്ഷത്തോളം വിശ്വാസികളുണ്ട്. ഇതിൽ 6 ലക്ഷത്തോളം പേർ സഭയുടെ 32 രൂപതകൾക്കും ഒരു അപ്പസ്റ്റോലിക് എക്സാർക്കേറ്റിനും പുറത്ത് പ്രവാസികളായി കഴിയുന്നവരാണ്. ഇൻഡ്യയിൽ തന്നെ ഇപ്പോഴുള്ള 29 രൂപതകൾക്കു പുറത്ത് പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലുമായി 2 ലക്ഷത്തിലധികം സീറോ മലബാർ കത്തോലിക്കരുണ്ട്. നാൽപ്പതിനായിരത്തിലധികമാണ് ഗ്രേറ്റ് ബ്രിട്ടനിൽ ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന പുതിയ രൂപതയിലെ അംഗസംഖ്യ. ഇതിനുപുറമെ ഓസ്ട്രിയ, ഫ്രാൻസ്, ജർമ്മനി, അയർലന്റ്, ഇറ്റലി, സ്വിറ്റ്സർലന്റ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളിലായി മുപ്പതിനായിരത്തോളം സീറോമലബാർ സഭാംഗങ്ങളുണ്ട്. ഗൾഫ് രാജ്യങ്ങളിൽത്തന്നെ നാലുലക്ഷത്തോളം വരും സീറോമലബാർ വിശ്വാസികളുടെ എണ്ണം. മറ്റ് ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലുമായി ഇരുപത്തിഅയ്യായിരത്തിലധികവും.

പ്രവാസികളുടെ അജപാലനം ശരിയായി നിർവ്വഹിക്കുന്നതിന് സാർവ്വത്രിക സഭ ശ്രദ്ധാലുവാണ്. പൗരസ്ത്യകത്തോലിക്കാസഭകളെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച ഡിക്രിയിൽ പറയുന്നതിപ്രകാരമാണ്: "ആകയാൽ ലോകമാസകലമുള്ള ഓരോ പ്രത്യേകസഭയേയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധചെലുത്തേണ്ടതാണ്. വിശ്വാസികളുടെ ആദ്ധ്യാത്മികമായ നന്മയ്ക്കുവേണ്ടി ആവശ്യമാകുന്നിടത്തെല്ലാം ഇടവകകളും അവരുടെ സ്വന്തം ഹയരാർക്കിയും സ്ഥാപിക്കണം." ഇപ്രകാരം ഓരോ വ്യക്തിസഭയിൽ നിന്നുമുള്ള പ്രവാസികളുടെ അജപാലനം അതേ സഭയുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കപ്പെടാനുള്ള ഏർപ്പാടുകൾ സഭ ചെയ്യുന്നുണ്ട്.

സീറോമലബാർ സഭയിൽ നിന്നും ഇൻഡ്യക്കുപുറത്ത് പ്രവാസികളായി കഴിയുന്ന വിശ്വാസി സമൂഹങ്ങൾക്ക് അജപാലന നേതൃത്വം കൊടുക്കുവാൻ 2016 ജൂലൈ 28-ാം തീയതി പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ രണ്ട് പ്രത്യേക സംവിധാനങ്ങൾ പ്രഖ്യാപിക്കുകയുണ്ടായി:

1. ഗ്രേറ്റ് ബ്രിട്ടനിലെ പ്രസ്റ്റൺ കേന്ദ്രമാക്കി സീറോ മലബാർ സഭയ്ക്കായി ഒരു രൂപത സ്ഥാപിച്ച് ഫാ. ജോസഫ് സ്രാമ്പിക്കലിനെ അതിന്റെ പ്രഥമ മെത്രാനായി നിയമിച്ചു.

2. ഗ്രേറ്റ് ബ്രിട്ടൻ ഒഴികെ അയർലന്റ് ഉൾപ്പെടെയുള്ള മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്കായുള്ള അപ്പസ്തോലിക് വിസിറ്റേറ്ററായി മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിനെ നിയമിച്ചു.

ഫാ. ജോസഫ് സ്രാമ്പിക്കലിന്റെ മെത്രാഭിഷേകവും ചുമതല ഏറ്റെടുക്കൽ ശുശ്രൂഷയും 2016 ഒക്ടോബർ 9-ാം തീയ്യതി ഞായറാഴ്ച പ്രാദേശികസമയം 1.30-ന് പ്രസ്റ്റൺ നോർത്ത് എൻഡ് സ്റ്റേഡിയത്തിൽ വച്ചും മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേകം നവംബർ 1 ചൊവ്വാഴ്ച പ്രാദേശികസമയം 10.00 - ന് റോമിലെ സെന്റ് പോൾസ് ബസിലിക്കയിൽവച്ചും നടത്തപ്പെടും.

രണ്ടുപേരുടെയും മെത്രാഭിഷേകശുശ്രൂഷകൾ ദൈവാനുഗ്രഹപ്രദമായി നടക്കുവാൻ സഭാമക്കൾ എല്ലാവരും പ്രത്യേകം പ്രാർഥിക്കുകയും സാധിക്കുന്നിടത്തോളം ആളുകൾ അതിൽ സംബന്ധിക്കുകയും തുടർന്ന് അവരുടെ അജപാലന ശുശ്രൂഷകൾക്ക് ആവശ്യമായ എല്ലാ സഹായസഹകരണങ്ങൾ നല്കുകയും ചെയ്യണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാസമൂഹത്തിന്റെ ഐക്യവും കൂട്ടായ്മയും പ്രകടമാക്കി നല്ല വിശ്വാസസാക്ഷ്യം നൽകാനുള്ള അവസരമാക്കി ഇതിനെ മാറ്റാൻ നമുക്കു പരിശ്രമിക്കാം.

യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെ കീഴിലുള്ള രാജ്യങ്ങളിലെ സീറോമലബാർ പ്രവാസികൾ ആ രാജ്യങ്ങളിലെ ലത്തീൻ സഭാപിതാക്കന്മാരുടെ അജപാലനാധികാരത്തിൻ കീഴിൽ തുടരുന്നതാണ്. എന്നാൽ അപ്പസ്തോലിക് വിസിറ്റേറ്ററായ മോൺസിഞ്ഞോർ സ്റ്റീഫൻ ചിറപ്പണത്ത് ലത്തീൻ പിതാക്കന്മാരുടെ അറിവോടെ പ്രവാസികളായ സീറോ മലബാർ വിശ്വാസികൾക്ക് ആവശ്യമായ മെത്രാനടുത്ത ശുശ്രൂഷകൾ ചെയ്യുന്നതാണ്. അപ്പസ്തോലിക് വിസിറ്റേറ്ററുടെ കീഴിലുള്ള പ്രവാസിസമൂഹങ്ങളിലെ സീറോ മലബാർ കുർബാനകളിൽ മെത്രാഭിഷേകത്തിനുശേഷം, രൂപതാമെത്രാന്മാരുടേതുപോലെ, അഭിവന്ദ്യ സ്റ്റീഫൻ പിതാവിന്റെ പേര് പറഞ്ഞ് പ്രാർത്ഥിക്കണമെന്ന് നിർദ്ദേശിക്കുന്നു.

സീറോ മലബാർ സഭയിലെ പ്രവാസികളുടെ കാര്യങ്ങൾക്ക് ഇതുവരെയും മാർഗദർശനങ്ങൾ നല്കുകയും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നേതൃത്വം നല്കുകയും ചെയ്തിരുന്നത് സഭാസിനഡിന്റെ സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമായുള്ള കമ്മീഷനായിരുന്നു. പ്രസ്തുത കമ്മീഷന്റെ യൂറോപ്പിലെ പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവർത്തനം ഇനി അപ്പസ്തോലിക് വിസിറ്റേറ്ററുടെ ചുമതലയിലായിരിക്കും. ഗ്രേറ്റ് ബ്രിട്ടനിലെ രൂപതയ്ക്കും യൂറോപ്പിനും പുറത്തുള്ള സീറോമലബാർ പ്രവാസികൾക്കുവേണ്ടി ഈ കമ്മീഷൻ തുടർന്നും പ്രവർത്തിക്കുന്നതാണ്. യൂറോപ്പിലെയും ഗ്രേറ്റ് ബ്രിട്ടനിലെയും പ്രവാസികൾക്ക് വേണ്ടി ഈ കമ്മീഷൻ ചെയ്ത എല്ലാ പ്രവർത്തനങ്ങൾക്കും അതുവഴിയുണ്ടായ എല്ലാ വിജയങ്ങൾക്കും നന്ദിപറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

നിയുക്തപിതാക്കൻമാരുടെ മേലദ്ധ്യക്ഷശുശ്രൂഷയെ നമുക്കു കർത്താവിന്റെ കൃപയ്ക്ക് സമർപ്പിക്കാം. ദൈവജനം മുഴുവൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങൾ നല്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാഗാത്രത്തിലുണ്ടായിരിക്കേണ്ട പരസ്പരസഹകരണത്തെക്കുറിച്ച് വിവിധസഭകൾക്ക് വി.പൗലോസ് എഴുതിയിരിക്കുന്ന വാക്കുകൾ നിങ്ങളെയും ഞാൻ അനുസ്മരിപ്പിക്കുകയാണ്. "ആകയാൽ, നമുക്ക് അവസരം ലഭിച്ചിരിക്കുന്നതുകൊണ്ട് സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്താൽ ഒരേ കുടുംബത്തിൽ അംഗങ്ങളായവർക്ക്, നന്മ ചെയ്യാം" (ഗലാ. 6:10) "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു". (1 കോറി. 12: 26).

കാരുണ്യവാനായ കർത്താവ് നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

+ GAlencherry

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2016-ാം ആണ്ട് സെപ്റ്റംബർ മാസം 21 -ാം തിയതി നൽകപ്പെട്ടത്.

---

N.B: ഈ സർക്കുലർ 2016 സെപ്റ്റംബർ മാസം 25-ാം തീയതി ഞായറാഴ്ച ഗ്രേറ്റ് ബ്രിട്ടനിലും യൂറോപ്പിലുമുള്ള പള്ളികളിലും ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ മറ്റെല്ലാ പള്ളികളിലും ദിവ്യബലിമധ്യേ ഹ്രസ്വമായ ഒരു തിരുവചനസന്ദേശത്തിനുശേഷം വായിക്കേണ്ടതാണ്.